പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2264 — 11.3.2020 -ൽ മറുപടിയ്ക്ക്

## ബേക്കൽ ടൂറിസം റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | മറുപടി<br>ശ്രീ. കടകംപളളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ എം.ഡി.യെ മാറ്റി നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | എ) | 27/2/2020 ലെ സ ഉ (സാധാ ) നം 102/2020/ടൂറിസം പ്രകാരം ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ എം.ഡി.യായിരുന്ന ശ്രീ.ടി.കെ.മൻസൂറിനെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്ത് കാസർഗോഡ് ജില്ലാ കളക്ടർ ശ്രീ.ഡി.സജിത് ബാബു ഐ.എ.എസ്-ന് ബി.ആർ.ഡി.സി. എം.ഡി.യുടെ താൽക്കാലിക ചുമതല നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. |
| ബി) | കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ബി.ആർ.ഡി.സി.യിൽ ചെയ്ത പ്രവൃത്തികൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | ബി.ആർ.ഡി.സി.യിൽ 2016-17 വർഷത്തെ ഇന്റേണൽ ഓഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, കംട്രോളർ & അക്കൗണ്ടന്റ് ജനറൽ (സി&എജി) നടത്തുന്ന ഓഡിറ്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br>2017-18 വർഷത്തെ ഇന്റേണൽ ഓഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കംട്രോളർ & അക്കൗണ്ടന്റ് ജനറൽ (സി&എജി) നടത്തുന്ന ഓഡിറ്റ് എത്രയും വേഗം ആരംഭിക്കും എന്ന് അറിയിച്ചിട്ടുണ്ട്.<br>2018-19 വർഷത്തെ ഇന്റേണൽ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത വർഷത്തെ വാർഷിക കണക്ക് ബോർഡ് അംഗീകരിച്ചിട്ടുണ്ട്. വാർഷിക കണക്ക് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിങ്ങിനായി സമർപ്പിച്ചിട്ടുണ്ട്. |
| സി | പുതിയ എം.ഡി. ചാർജ്ജ് ഏറ്റെടുത്തതിനുശേഷം ബി.ആർ.ഡി.സി.യിൽ | സി) | പുതിയ എം.ഡി. ചാർജ്ജ് ഏറ്റെടുത്തതിനുശേഷം കാസർഗോഡ് ജില്ലയിലെ സമഗ്രമായ ടൂറിസം |

| | | | |
|---|---|---|---|
| | നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | വികസനത്തിനായി ബി.ആർ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ചെയ്യാൻ കഴിയുന്നത് ഏതൊക്കെയാണെന്നുള്ളത് സംബന്ധിച്ച് ജനപ്രതിനിധികൾ, ടൂറിസം സംരംഭകർ തുടങ്ങിയവരുമായി ചർച്ച ചെയ്ത് ദീർഘകാലാടിസ്ഥാനത്തിലുള്ളതും സുസ്ഥിരവുമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദ സഞ്ചാര വകുപ്പ് - ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ- നിലവിലെ മാനേജിംഗ് ഡയറക്ടറെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്ത്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.102/2020/ടൂറിസം** തീയതി,തിരുവനന്തപുരം, 27/02/2020

---

പരാമർശം:- സ.ഉ.(സാധാ). നം. 280/2016/ ടൂറിസം; തീയതി 07.09.2016

<u>**ഉത്തരവ്**</u>

പരാമർശ ഉത്തരവ് പ്രകാരം ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി നിയമിതനായ ശ്രീ ടി കെ മൻസൂറിനെ, ബേക്കൽ റിസോർട് സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ ആർട്ടിക്കിൾ 97 (എ) പ്രകാരം തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യും,പകരം കാസർഗോഡ് ജില്ലാ കളക്ടർ ശ്രീ.ഡി.സജിത് ബാബു. ഐ എ എസ് -ന് ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ താത് കാലിക ചുമതല നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പ്രകാശ് ബി എസ്**
**അഡിഷണൽ സെക്രട്ടറി**

ഡോ. ഡി സജിത്ത് ബാബു ഐ എ എസ്, ജില്ലാ കളക്ടർ കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ് - 671123

ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം

ശ്രീ ടി കെ മൻസൂർ മാനേജിങ് ഡയറക്ടർ , ബേക്കൽ റിസോർട്ട്സ് ഡവലപ് മെന്റ് കോർപ്പറേഷൻ, രണ്ടാം നില കെ വി എസ് ഹൈപ്പർ മാർക്കറ്റ്, പാലക്കുന്ന്, ബേക്കൽ പി ഒ , കാസർഗോഡ്

എല്ലാ ഡയറക്ടർമാർക്കും (ബേക്കൽ റിസോർട്ട്സ് ഡവലപ് മെൻറ് കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ആഡിറ്റ്) കേരളം,

തിരുവനന്തപുരം.
പൊതു ഭരണ (എ.ഐ.എസ്) വകുപ്പ്.
വിവരപൊതുജനസമ്പർക്കവകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

സെക്ഷൻ ഓഫീസർ